# പ്രവചന ശുശ്രൂഷ എല്ലാ സഭകൾക്കും ആവശ്യമാണ്.

സാക് പുന്നൻ

WFTW 13 ഒക്കേടാബർ 2013

നിങ്ങൾ ദൈത്തിന്റെ പാത വിട്ട് മാറുന്പോൾ ( വലത്തോട്ടോ ഇടത്തോട്ടോ) നിങ്ങളുടെ പിന്നിൽ നിന്നും ഒരു സ്വരം ഇങ്ങനെ പറയുന്നത് കേൾക്കും. 'വഴി ഇതാകുന്നു.ഇതിൽ നടന്നു കൊൾക'( യേശ 30:20,21). ദൈവസിംഹാസനത്തിലേക്ക് നയിക്കുന്ന ഇടുങ്ങിയതും ഇടുങ്ങിയതും നേരെയുള്ളതുമായ വഴിൽ നിന്നും നാം അല്പം മാറിയാൽ ( വലത്തോട്ടോ ഇടത്തോട്ടോ) നമ്മെ ഉണർത്തി മുന്നറിയിപ്പ് നൽകുന്ന പരിശുദ്ധാത്മാവിന്റെ സ്വരമാണ് ഇവിടെ പരാമർശിച്ചിരിക്കുന്നത്. നാം ഇന്നത്തെ സഭകളെ നോക്കിയാൽ അവയിൽ പലതും സത്യത്തിന്റെ നേർവഴിയിൽ നിന്നും വലത്തോട്ടോ ഇടത്തോട്ടോ തിരിഞ്ഞ് മറ്റൊരു വഴിയിൽ വീണിരിക്കുന്നു.

ഒരു ഉദാഹരണം മാത്രം നോക്കുക .ചില വിഭാഗങ്ങൾ ആത്മാവിന്റെ വരങ്ങൾക്ക് അമിത പ്രാധാന്യം നൽകി ഒരു ദിശയിലേക്ക് പോകുന്നു. മറ്റു ചിലർ ആത്മാവിന്റെ ഫലങ്ങൾക്ക് അമിത പ്രാധാന്യം നൽകി വരങ്ങളെ തീർത്തും അവഗണിച്ച് എതിർ വശത്തേക്ക് പോകുന്നു. ഈ രണ്ടു വിഭാഗങ്ങളോടും ഇടത്തോട്ടോ വലത്തോട്ടോ മാറി നേർവഴിയിലേക്ക് വരുവാൻ ആവശ്യപ്പെടുന്ന സ്വരം അവർ കേൾക്കുന്നില്ല. ഓരോ വിഭാഗങ്ങൾക്കും ഇഷ്ടപ്പെട്ട ചില വേദവാക്യങ്ങളുണ്ട്. അവർ അതിലേക്ക് വീണ്ടും വീണ്ടും പോകുന്നു. അവരെ സന്തുലിതാവസ്ഥയിൽ നിർത്തുവാൻ കഴിയുന്ന വേദവാക്യങ്ങൾ അവർ കാണുന്നില്ല. അവർക്ക് ആ വേദവാക്യങ്ങളോട് മുൻവിധിയോടെയുള്ള സമീപനമാണ്. തങ്ങളുടെ എതിർ ദിശയിൽ പോയവർ മറ്റുവാക്യങ്ങൾ ദുരുപയോഗം ചെയ്യുന്നതുകൊണ്ടാണ് പലപ്പോഴും ആ വാക്യങ്ങൾ ശ്രദ്ധിക്കുവാൻ അവർ തയ്യാറാകാത്തത്. സത്യത്തോടുള്ള അവരുടെ തിരിച്ചറിവ് ശ്രദ്ധയോടു കൂടിയുള്ള വേദപുസ്തക പഠനത്തിൽ നിന്നല്ല. പകരം അവരുടെ എതിർ ദിശയിൽ ഉള്ള വിഭാഗത്തിന്റെ നിലപാടുകളോടുള്ള പ്രതികരണമായിട്ടാണ് ഉണ്ടാകുന്നത്.

യിസ്രായേൽ വഴിതെറ്റി പോകുന്നത് ചൂണ്ടി കാട്ടുകയെന്നതായിരുന്നു പഴയ നിയമ പ്രവാചകന്മാരുടെ ശുശ്രൂഷ. പരിശുദ്ധാത്മാവിന്റെ തിരുത്തൽ വാക്കുകളാണ് അവർ സംസാരിച്ചത്. അവർ ഒരു സമതുലിന ശുശ്രൂഷയല്ല ആഗ്രഹിച്ചത്. കുറവുള്ള കാര്യങ്ങൾക്ക് ഊന്നൽ നൽകി. ദൈവീക ക്രമപ്രകാരം നടക്കുന്ന യിസ്രായേലിലെ കാര്യങ്ങളെക്കുറിച്ച് വീണ്ടും വീണ്ടും പറഞ്ഞ് അവർ സമയം പാഴാക്കിയില്ല. ആ അർത്ഥത്തിൽ നോക്കിയാൽ പഴയ നിയമ പ്രവാചകന്മാരുടെ ശുശ്രൂഷ സമതുലിതമായിരുന്നില്ല.

യിരെമ്യാവിന്റെ ഉദാഹരണം നോക്കുക. ഒരു കാലഘട്ടത്തിൽ യിരെമ്യാവ് ദൈവത്തോടു പറഞ്ഞു 'ദയയോടെ ഒരു വാക്ക് ഈ ജനത്തോട് പറയുവാൻ എന്നെ ഒരിക്കൽ പോലും അവിടുന്നു അനുവദിച്ചിട്ടില്ല.അതിക്രമമെന്നും വിനാശമെന്നും ഒക്കെയാണ് എപ്പോഴും പറയുന്നത് ' (യിരെ 20:8). കൃപയും സത്യവും ഒരുപോലെ നിറഞ്ഞ സമതുലിതമായ ഒരു സന്ദേശമായിരുന്നില്ല അദ്ദെഹത്തിന്റെത്. അത് ന്യായവിധി , ന്യായവിധി കൂടുതൽ ന്യായവിധി എന്നായിരുന്നു. ഈ സന്ദേശം യിരെമ്യാവിനു തന്നെ ഭാരമായി. എന്നാൽ അത് പ്രസംഗിക്കാതിരിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. കാരണം ഓരോ തവണയും സന്ദേശം മാറ്റുവാൻ ചിന്തിക്കുന്പോൾ ന്യായവിധിയെക്കുറിച്ചുള്ള ദൈവവചനം അദ്ദേഹത്തിന്റെ ഹൃദയത്തിൽ തീ കത്തുന്നതുപോലെയായിരുന്നു (യിരെ 20:9). അതിനാൽ യെഹൂദാ ദേശത്തോട് 46 വർഷം ന്യായവിധിയെക്കുറിച്ച് അദ്ദേഹം പ്രസംഗിച്ചുകൊണ്ടേയിരുന്നു .

യിരെമ്യാവ് തൻറെ സ്വന്തം യുക്തിയനുസരിച്ചോ അല്ലെങ്കിൽ ദൈവത്തിന്റെ ഹൃദയം അറിയാത്ത മറ്റ് പ്രസംഗകരുടെ ഉപദേശം കേട്ടിട്ടോ തന്റെ സന്ദേശം മാറ്റിയിരുന്നെങ്കിൽ അവൻ കൂടുതൽ സമതുലിതാവസ്ഥയിൽ ആയിരുന്നേനെ. എന്നാൽ അവൻ ഒരിക്കലും ദൈവത്തിന്റെ പ്രവാചകനാവുകയില്ല.

യിരെമ്യാവിനു മുൻപേയുള്ള പ്രവാചകനായ ഹൊശേയയുടെ കാര്യമെടുക്കുക. അദ്ദേഹത്തിന്റെ സന്ദേശങ്ങൾ യിരെമ്യാവിന്റേതിൽ നിന്നും തികച്ചും വ്യത്യസ്തമായിരുന്നു. ഹൊശേയയിലൂടെ യിസ്രായേലിനോടുള്ള ദൈവത്തിന്റെ സന്ദേശമിതായിരുന്നു. 'നിങ്ങളെന്നെ അനുസരിക്കാതെ വഴിതെറ്റി

പോയെങ്കിലും ഞാൻ നിങ്ങളെ എത്രമാത്രം സ്നേഹിക്കുന്നു'. എന്നാൽ ഹൊശേയ ജീവിച്ചതിനും 180 വർഷങ്ങൾക്ക് ശേഷം ജീവിച്ച യിരെമ്യാവ് ഒരിക്കലും ഹൊശേയയുടെ ശുശ്രൂഷയെ അനുകരിച്ചില്ല ഈ പ്രവാചകന്മാരാരും പരസ്പരം അനുകരിക്കുന്നവരായിരുന്നില്ല. ഒരോരുത്തരും ദൈവം അവരവർക്ക് ദൈവം നൽകിയ ഭാരം അറിഞ്ഞിരുന്നു.

ഒരു പുതിയ നിയമ പ്രവാചകനും സഭയുടെ കുറവുകളെക്കുറിച്ച് എപ്പ്പോഴും സംസാരിക്കുകയും എവിടെയാണ് സമതുലിതാവസ്ഥ നഷ്ടപ്പെട്ടിരിക്കുന്നതെന്ന് ചൂണ്ടി കാണിക്കുകയും ചെയ്യും. താൻ ശുശ്രൂഷ ചെയ്യുന്ന ആളുകൾക്ക് അപ്പ്പോൾ ആവശ്യമെന്തെന്നുള്ളതറി യുവാനുള്ള വചനം ദൈവത്തിൽ നിന്നും അവനുണ്ടായിരിക്കും. ' അല്ല, വഴി അതല്ല, ഇതാണ് വഴി' എന്ന് ആത്മാവിലൂടെ സംസാരിക്കുന്ന പ്രവചന ശുശ്രൂഷയാണ് ഇന്ന് എല്ലാ സഭകളുടേയും ഏറ്റവും വലിയ ആവശ്യം.

പല പ്രസംഗകരും പുസ്തകങ്ങളും മാസികകളും വായിച്ചും സി.ഡി.കൾ കേട്ടും കേൾവിക്കാർക്ക് മതിപ്പുളവാക്കുന്ന ഒരു പ്രസംഗം തയാറാക്കുന്നു. അവരുടെ കേൾവിക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന ഒന്നും പറയാതിരിക്കുവാൻ ശ്രദ്ധിക്കുന്നു. കാരണം അവരിൽ നിന്നും ബഹുമാനവും പാരിതോഷികവും അവർ ആഗ്രഹിക്കുന്നു.

എന്നാൽ പ്രവാചകന്മാർ അങ്ങനെയല്ല. അവർ ദൈവത്തിൽ നിന്ന് കേട്ട് ആളുകൾ ദൈവത്തിൽ നിന്ന് എന്താണോ കേൾക്കേണ്ടത് അത് കൃത്യമായി അവരോട് പറയുന്നു. അതിനാൽ ഒരു പ്രവാചകൻ ചിലപ്പോൾ സഭയിലെ അസമതുലിതാവസ്ഥ മാറുന്നതുവരെ ചില വിഷയങ്ങൾ ആവർത്തിച്ചാവർത്തിച്ച് പ്രസംഗിക്കും. പ്രസംഗം ഒരു തൊഴിലാക്കിയവർ ഒരേ പ്രസംഗം ഒരേ കൂട്ടത്തോട് രണ്ടു തവണ പറയുന്നത് പോലും ഭയപ്പെടുന്നു. ചില സഞ്ചാരപ്രസംഗകർ ഓരോ സഭയിലും നടത്തിയ പ്രസംഗത്തെ സംബന്ധിച്ച് കുറിച്ചുവയ്കുന്നു.( അവരുടെ മനസ്സിലോ ഡയറിയിലോ). പിന്നിട് അതേ സന്ദേശം ആ സഭയിൽ രണ്ടാമത് വരുന്പോൾ പ്രസംഗിക്കാതിരിക്കുവാനാണ് അങ്ങനെ ചെയ്യുന്നത്. അതിലൂടെ പ്രസംഗകൻ എന്ന നിലയിൽ ലഭിച്ച മാനം നഷ്ടപ്പെടാതെ സൂക്ഷിക്കുന്നു. ഈ നാളുകളിൽ പ്രവാചകൻമാരുടെ ആവശ്യം എത്ര വലുതാണ്.

വചനം പഠിപ്പിക്കുന്ന ശുശ്രൂഷയും പ്രവചന ശുശ്രൂഷയും തമ്മിൽ വലിയ വ്യത്യാസമുണ്ട് . ഒരു ഉപദേഷ്ടാവിന് ദൈവവചനത്തിലെ ഉപദേശ വിഷങ്ങൾ വ്യക്തമായി വിശദീകരിക്കുവാൻ കഴിയും . താൻ ശുശ്രൂഷിക്കുന്ന ആളുകളെ അപ്പോൾ ബാധിക്കുന്ന വിഷയങ്ങൾ ആയിരിക്കുകയില്ല അപ്പോൾ പഠിപ്പിക്കുന്നത് . നീതീകരണത്തെക്കുറിച്ചോ പരിശുദ്ധാത്മത്തെക്കുറിച്ചോ അല്ലെങ്കിൽ കർത്താവിന്റെ രണ്ടാം വരവിനെക്കുറിച്ചോ ഒക്കെ പഠിപ്പിക്കുന്നത് ഏതു സഭക്കും പ്രയോജനമുള്ളതാകും. എന്നാൽ മഹത്തായ ഇത്തരം പഠിപ്പിക്കലുകൾ ഉള്ളപ്പോഴും ആ സഭയിലുള്ളവർ പാപത്തിൽ വീഴുന്നവരും നിരാശപ്പെടുന്നവരും ആണ്. ആ സഭയ്ക്ക് അപ്പോൾ വേണ്ടത് പ്രവചന ശുശ്രൂഷയാണ് .

(മൊഴിമാറ്റം: സാജു ജോസഫ്, ആലപ്പുഴ)